7008
18/6/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- സാമൂഹ്യനീതി വകുപ്പും സർക്കാർ ഇതര സന്നദ്ധ സംഘടനകളും ചേർന്ന് വൃദ്ധസദനങ്ങൾ ആരംഭിയ്ക്കുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.354/15/സാനീവ തിരുവനന്തപുരം, തീയതി.10.06.2015

==========================================================================

പരാമർശം:- 1. 18.08.2014 ലെ സ.ഉ (സാധാ) നം. 530/14/സാനീവ
2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 21.04.2015 ലെ ജി3/16003/14/സാനീവ നം. കത്ത്

**ഉത്തരവ്**

സർക്കാർ ഇതര സന്നദ്ധ സംഘടനകളുടെ സഹായത്തോടെ വൃദ്ധസദനങ്ങൾ ആരംഭിയ്ക്കുന്നതിന് 10 കോടി രൂപ അനുവദിച്ചതായുള്ള 2014-15 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെയടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പും സർക്കാർ ഇതര സന്നദ്ധ സംഘടനകളുമായി ചേർന്ന് സംസ്ഥാനത്തെ 14 ജില്ലകളിലുമായി 14 വൃദ്ധസദനങ്ങൾ ആരംഭിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയും ആയതിലേയ്ക്കായി 2235-02-104-83 പ്ലാൻ ശീർഷകത്തിൽ നിന്നും 3,73,38,000/- രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടിരുന്നുവെങ്കിലും സാമ്പത്തിക വർഷാവസാനമായതിനാൽ പദ്ധതി നടപ്പിലാക്കുവാൻ കഴിയാതെ പോയെന്നും ആയതിനാൽ ടി പദ്ധതി 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനും 3,73,38,000/- രൂപ 2235-02-104-83 പ്ലാൻ ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും ഭരണാനുമതി നൽകിയ പരാമർശം ഒന്നിലെ ഉത്തരവ് പുനർനിർണ്ണയിക്കണമെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം (2) ലെ കത്തു പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതി വകുപ്പും സർക്കാർ ഇതര സന്നദ്ധ സംഘടനകളും ചേർന്ന് വൃദ്ധ സദനങ്ങൾ അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയ പരാമർശം ഒന്നിലെ ഉത്തരവ്

പുനർനിർണ്ണയിച്ചും പ്രസ്തുത ഉത്തരവ് പ്രകാരം അനുവദിച്ച 3,73,38,000/- രൂപ (മൂന്ന് കോടി എഴുപത്തി മൂന്ന് ലക്ഷത്തി മുപ്പത്തിഎട്ടായിരംരൂപ) നടപ്പ് സാമ്പത്തിക വർഷം 2235-02-104-83 പ്ലാൻ ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എ. ഷാജഹാൻ**

സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ(എ & ഇ) കേരളം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ധനകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
കരുതൽ ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ